## അപകടത്തിൽ ഒരു കയ്യിന്റെ സ്വാധീനം നഷ്ടപ്പെട്ട ബസ് കണ്ടക്ടർക്ക് 100% അവശതയ്ക്കുള്ള നഷ്ടപരിഹാരം നല്കണം

## അലഹബാദ് ഹൈക്കോടതി

F.A.F.O. No. 502/2017 Dt. 6.1.2020

ന്യൂ ഇന്ത്യ അഷ്വറൻസ് കമ്പനി ലിമിറ്റഡ്

x

ശീൽചന്ദ് ജയിൻ

ബസ് കണ്ടക്ടറായി ജോലി ചെയ്തുകൊണ്ടിരിക്കെ രാത്രിയിൽ ബസ്സിൽ ഓടിക്കയറിയ മോഷ്ടാവ് ബസ്സിലുണ്ടായിരുന്ന പതിനഞ്ച് യാത്രക്കാരുടെ മുമ്പിൽ വച്ച് കണ്ടക്ടറുടെ കൈവശമുണ്ടായിരുന്ന പണസഞ്ചി തട്ടിപ്പറിച്ചെടുത്തു. മോഷണം ചെറുക്കുന്നതിനിടെ കണ്ടക്ടറെയും ഡ്രൈവറെയും മോഷ്ടാവ് ആക്രമിക്കുകയും കണ്ടക്ടർക്ക് ഗുരുതരമായി പരിക്കേല്ക്കുകയും ചെയ്തു. രണ്ട് പേരെയും ഉടൻ ആശുപത്രിയിലെത്തിച്ച് ചികിത്സിച്ചെങ്കിലും കണ്ടക്ടറുടെ ഒരു കയ്യിലെ പരിക്ക് ഭേദപ്പെട്ടില്ല. ആ കൈ സ്വാധീനം നഷ്ടപ്പെട്ട അവസ്ഥയിലായി. രണ്ട് കൈയും ഉപയോഗിക്കാൻ കഴിയാത്തതിനാൽ അയാൾക്ക് ബസ് കണ്ടക്ടറുടെ ജോലി ചെയ്യാൻ സാധിക്കാതായി. തുടർന്ന് അയാൾ നഷ്ടപരിഹാരമാവശ്യപ്പെട്ട് എംപ്ലോയീസ് കോമ്പൻസേഷൻ കമ്മീഷണർ മുമ്പാകെ അപേക്ഷ നല്കി. അയാളുടെ ശാശ്വത അവശത 45% ആണെന്ന് വിദഗ്ദ്ധർ സാക്ഷ്യപ്പെടുത്തിയിരുന്നു. 1,15,284 രൂപ 18% പലിശ സഹിതം നഷ്ടപരിഹാരം വേണമെന്നാണ് പ്രതിമാസം 1200 രൂപ ശമ്പളം കൈപ്പറ്റിയിരുന്ന തൊഴിലാളി ആവശ്യപ്പെട്ടത്. ഇൻഷുറൻസ് കമ്പനിയുടെ വാദങ്ങൾ തള്ളിക്കളഞ്ഞ കമ്മീഷണർ തൊഴിലാളിയുടെ സമ്പാദ്യ ശേഷിയുടെ നഷ്ടം 100% ആണെന്ന് വിലയിരുത്തുകയും 86,260 രൂപ 12% പലിശ സഹിതം ഇൻഷുറൻസ് കമ്പനി തൊഴിലാളിക്ക് നല്കണമെന്ന് വിധിക്കുകയും ചെയ്തു. ഇതിനെതിരെ ഇൻഷുറൻസ് കമ്പനി ഹൈക്കോടതിയിൽ അപ്പീൽ സമർപ്പിച്ചു. ഒരു കൈയിന്റെ സ്വാധീന ശക്തി നഷ്ടപ്പെട്ട തൊഴിലാളിയുടെ ശാശ്വത അവശത 45% ആണെന്ന് മെഡിക്കൽ ബോർഡ് സാക്ഷ്യപ്പെടുത്തിയിട്ടും 100% ശാശ്വത അവശതയ്ക്കുള്ള നഷ്ടപരിഹാരം വിധിച്ചത് തെറ്റും നിയമവിരുദ്ധവുമാണെന്ന് ഇൻഷുറൻസ് കമ്പനി വാദിച്ചു. ഏതെങ്കിലും കൈയിന്റെ സ്വാധീന ശക്തി നഷ്ടപ്പെട്ടയാൾക്ക് ബസ് കണ്ടക്ടറായി സുഗമമായും ഫലപ്രദമായും ജോലി ചെയ്യാൻ സാധിക്കില്ലെന്ന് ഹൈക്കോടതി നിരീക്ഷിച്ചു. അപകടത്തിനു മുമ്പ് ചെയ്തിരുന്ന ജോലി ശരിയായ രീതിയിലും തൃപ്തികരമായ വിധത്തിലും അപകടത്തിനു ശേഷം ചെയ്യാൻ സാധിക്കാത്തവിധം ശാശ്വത അവശതയുള്ള തൊഴിലാളിക്ക് 100% അവശതയ്ക്കുള്ള നഷ്ടപരിഹാരം നല്കണമെന്ന് വിധിച്ചതിൽ തെറ്റില്ലെന്നു കണ്ട ഹൈക്കോടതി ഇൻഷുറൻസ് കമ്പനിയുടെ അപ്പീൽ തള്ളിക്കളഞ്ഞു.